(സി) ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷനില്ലാത്ത സാഹചര്യത്തിൽ ആയത് എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല. പുതുതായി ഫോറസ്റ്റ് ഡിവിഷൻ അനുവദിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

**പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിലെ ഭൂമി ഏറ്റെടുക്കൽ**

127 (3833) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബ്ബല പ്രദേശമായി കണക്കാക്കി വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുത്ത നടപടി റദ്ദ് ചെയ്തുകൊണ്ട് കോടതി വിധികളുണ്ടായിട്ടുണ്ടോ?

പരിസ്ഥിതി ദുർബ്ബല പ്രദേശമായി കണക്കാക്കി വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുത്ത നടപടി റദ്ദ് ചെയ്തുകൊണ്ട് കോടതി വിധികളുണ്ടായിട്ടുണ്ട്.

(ബി) എത്ര കേസുകളിൽ പരാതിക്കാർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ട്?

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 27 കേസുകളിൽ പരാതിക്കാർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ട്.

(സി) എത്ര കേസുകളിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

പാലക്കാട്, കോട്ടയം, കൊല്ലം, കോഴിക്കോട് ട്രിബ്യൂണലുകളിൽ വിധിയായിട്ടുള്ള ഒ.എ. കേസുകളിൽ 112 കേസുകൾ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

**പാലക്കാട് ശിരുവാണിയിൽ ഇക്കോ ടൂറിസം പദ്ധതികൾ**

128 (3834) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ശിരുവാണി വനമേഖലയിൽ ഇക്കോ-ടൂറിസം പദ്ധതികൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ശിരുവാണി വനമേഖലയിൽ ഇക്കോ-ടൂറിസം പദ്ധതികൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly